**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2565** **07-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ .ബി ഓഫീസേഴ്സ് അസോസിയേഷൻ നടത്തിയ സമരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ നടത്തിയ സമരത്തിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ; പ്രസ്തുത സമരം തീർക്കുവാൻ സമരക്കാരുമായി കെ.എസ്.ഇ.ബി. അധികൃതർ നടത്തിയ ചർച്ചയിലെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീമതി ജാസ്മിൻ ബാനു യഥാവിധി ചാർജ്ജ് കൈമാറാതെ സ്റ്റേഷൻ വിട്ടതിനാൽ കെ.എസ്.ഇ.ബി.എൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 28.03.2022-ൽ അവരെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് ശിക്ഷണ നടപടികൾ സ്വീകരിച്ചതിനെതിരെയാണ് സമരം പ്രഖ്യാപിച്ചത്.<br><br>വൈദ്യുതി ബോർഡ് മാനേജ്മെന്റ് ഏകപക്ഷീയ പ്രവർത്തനങ്ങളും പ്രതികാര നടപടികളും അവസാനിപ്പിക്കുക, സ്ത്രീത്വത്തെ അവഹേളിക്കുന്ന സമീപനം തിരുത്തുക തുടങ്ങിയ ആവശ്യങ്ങൾ സമരത്തിന് കാരണമായി KSEB ഓഫീസേഴ്സ് അസോസിയേഷൻ നൽകിയ നോട്ടീസിൽ ഉന്നയിച്ചിരുന്നു. ചർച്ചയിലെ ഒത്തുതീർപ്പ് വ്യവസ്ഥകളായി അച്ചടക്ക നടപടികൾ തീർപ്പാക്കുന്ന മുറക്ക് മുൻപ് ജോലി ചെയ്തിരുന്ന ജില്ലകളിൽ നിയമിക്കുന്ന വിഷയം പരിഗണിക്കുക, ബോർഡ് യോഗത്തിൽ തള്ളിക്കയറിയ ഓഫീസർമാർക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്കനടപടികൾ എടുത്തതിൽ കാലവിളംബം കൂടാതെ അനുഭാവപൂർവ്വം തീർപ്പാക്കുക, അഭിപ്രായ വ്യത്യാസങ്ങളും വിമർശനങ്ങളും ഉന്നയിക്കാൻ ഉള്ള അവകാശം തടയുന്ന സമീപനം ഒഴിവാക്കുക, സ്ഥാപനത്തിന്റെ പ്രതിച്ഛായ മോശമാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക, മാനേജ്മെന്റും ഓഫീസർമാരും തമ്മിൽ സുഗമമായ ആശയവിനിമയം നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഡയറക്ടർ ഫിനാൻസിനെ ചുമതലപ്പെടുത്തുക തുടങ്ങിയവ പരിഗണിക്കപ്പെട്ടിരുന്നു. |
| (ബി) | പ്രസ്തുത സമരത്തിൽ പങ്കെടുത്ത ഓഫീസേഴ്സ് | (ബി) | പ്രസ്തുത സമരത്തിന്റെ ഭാഗമായി ബോർഡ് റൂമിൽ |

| | | | |
|---|---|---|---|
| | അസോസിയേഷൻ ഭാരവാഹികൾക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാം എതിരെയാണ് അച്ചടക്ക നടപടി സ്വീകരിച്ചത്; പ്രസ്തുത അച്ചടക്ക നടപടി ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | | അതിക്രമിച്ചുകയറിയ 20 പേർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ തുടർന്നുവരുന്നു. 20 പേരുടെയും വിവരം **<u>അനുബന്ധമായി</u>** ചേർത്തിട്ടുണ്ട്.<br><br>കൂടാതെ പ്രസ്തുത സമര പരിപാടികൾക്ക് നേതൃത്വം കൊടുത്ത ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന ഭാരവാഹികളായ പ്രസിഡന്റ് ശ്രീ.എം.ജി.സുരേഷ് കുമാർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും, സെക്രട്ടറിയായ ശ്രീ.ഹരികുമാർ.ബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും എതിരെ ചീഫ് എഞ്ചിനീയർ തലത്തിൽ അന്വേഷണം നടത്തി അച്ചടക്കനടപടി സ്വീകരിച്ചിട്ടുള്ളതും ഡിപ്പാർട്ട്മെന്റ് തല അന്വേഷണം നടന്നുവരുന്നതുമാകുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**KSEB ഓഫീസേഴ്സ് അസോസിയേഷൻ നടത്തിയ സമരത്തിന്റെ ഭാഗമായി ബോർഡ് റൂമിൽ അതിക്രമിച്ച് കയറിയതിന്റെ അച്ചടക്ക നടപടികൾ നേരിടുന്നവരുടെ പേരുവിവരം**

| Sl. No. | Name | Designation |
|---|---|---|
| 1 | Sri. Prakash Kumar .P.T | Assistant Engineer, O/o the D(D&IT) |
| 2 | Sri. Nanda Kumar.N | Assistant Engineer, ACRIP, ED, Alappuzha. |
| 3 | Sri. Sreejith.S.R | Assistant Engineer,220kV S/S, Kaniyambetta. |
| 4 | Sri. Dwipindas.D | Assistant Engineer, ES, Vadakara South |
| 5 | Sri. Binu.B | Assistant Executive Engineer, ESD, Kottayam. |
| 6 | Sri.Anoopraj.V.P | Assistant Engineer, ES, Kottayam Central |
| 7 | Sri. Aneesh Parakadan | Assistant Executive Engineer, S/S SD, Malappuram. |
| 8 | Smt. Indira.K | Executive Engineer, ED, Tripunithura. |
| 9 | Sri. Sajeev.K.S | Assistant Engineer, 66 kV S/S, Kottayam. |
| 10 | Sri. Pradeep.P.N | SS, ES, Puncha, Pallom. |
| 11 | Sri.Salim.N.E | Executive Engineer, Trans Grid ,TC Division, Kozhikode. |
| 12 | Sri. Kurian Sebastian | Executive Engineer (Rtd) |
| 13 | Sri. Sooraj.T.P | AE,ES, Payyanur |
| 14 | Smt.Seema.K.P | AEE, KAES, Erection Sub Division, Kakkayam |
| 15 | Sri. Pradeep Kumar.T | Assistant Executive Engineer, Nallalam,220 kV S/S. |
| 16 | Smt.Suma Sekhar.S | SS.ES,Thirumala |
| 17 | Smt.Sreelakumari.A.N | Executive Engineer, ED, Kannur |
| 18 | Smt.Renjana Devi.K | Executive Engineer, Transmission Division, Thrissur. |
| 19 | Sri.Babu.R | Assistant Executive Engineeer, Electrical Sub Division, Ambalapuzha |
| 20 | Sri. Sajith KumarA | Assistant Executive Engineer, Electrical Sub Division, Thamarassery. |

സെക്ഷൻ ഓഫീസർ